കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 10 | ലക്കം 24 | മാർച്ച് 31 2023

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 കാഷ്യു പ്രൊട്ടക്ട് – കശുമാവ് കർഷകർക്ക് ആശ്വാസമായി ഒരു മൊബൈൽ ആപ്പ്

3 അന്താരാഷ്ട്ര വനദിനം ആചരിച്ചു

4 റബ്ബറിന്റെ താങ്ങുവില ഉയർത്തേണ്ടത് അനിവാര്യം : കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ്

## കർഷകരുടെ ഉത്പന്നങ്ങൾക്ക് മികച്ച വില ലഭ്യമാക്കുന്നതിന് പാക്കേജിങ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തും : കൃഷി മന്ത്രി ശ്രീ. പി. പ്രസാദ്

മൂല്യവർദ്ധനവിലൂടെ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുമെന്നും അതിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയുമെന്നും കൃഷിവകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ്. കർഷകരുടെ ഉൽപ്പന്നങ്ങൾ മൂല്യ വർദ്ധനവ് നടത്തി വിപണനം നടത്തുന്നത് വഴി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് സാധ്യമായ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മന്ത്രി പറഞ്ഞു. സുഗന്ധവ്യഞ്ജനങ്ങളുടെയും കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും കയറ്റുമതിക്ക് വേണ്ടിയുള്ള പാക്കേജിംഗ് എന്ന ഏകദിന പരിശീലന പരിപാടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

11 വകുപ്പുകളെ സംയോജിപ്പിച്ചു കൊണ്ട് മൂല്യ വർധിത മേഖലയിൽ സർക്കാർ ഇടപെടലുകൾ നടത്തുന്നതിനായി മൂല്യവർദ്ധിത കൃഷി മിഷൻ രൂപീകരിച്ചു. കർഷകരുടെ കൂടെ പങ്കാളിത്തമുള്ള കേരള അഗ്രി ബിസിനസ് കമ്പനിയുടെ പ്രവർത്തനം ഉടൻ ആരംഭിക്കും. ഒരു കൃഷിഭവൻ ഒരു മൂല്യ വർധിത ഉൽപ്പന്നം എന്ന തരത്തിൽ കേരളത്തിലെ കർഷകരുടെയും കൃഷിക്കൂട്ടങ്ങളുടെയും ഉൽപ്പന്നങ്ങളെ ഓൺലൈൻ വിപണിയിൽ എത്തിക്കും. അതിനായി 'കേരളാഗ്രോ' ബ്രാൻഡ് തയ്യാറാക്കി. ആദ്യപടിയായി കൃഷിവകുപ്പിന്റെ തന്നെ 65 ഉത്പന്നങ്ങളെ ഓൺലൈനിൽ ലഭ്യമാക്കി. വൈഗ ബി ടു ബി മീറ്റ് നടത്തിയതിലൂടെ 39.76 കോടി രൂപയുടെ കർഷകരുടെ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുള്ള ധാരണപത്രം ഒപ്പുവച്ചു. ഇതിന്റെ തുടർച്ചയായി ബി 2 ബി മീറ്റുകൾ സംഘടിപ്പിക്കുമെന്നും ഈ വർഷത്തിനുള്ളിൽ 100 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ വിപണിയിൽ ലഭ്യമാക്കുമെന്നും മന്ത്രി പറഞ്ഞു. വൈഗയുടെ തുടർ പ്രവർത്തന




ചീഫ് എഡിറ്റർ - ശ്രീകല എസ്.
എഡിറ്റർ - ഡോ. ബിന്ദ ഹാരിയറ്റ് ഐവാൻ
അസോസിയേറ്റ് എഡിറ്റർ - ബി.കെ. അനിൽ
അസിസ്റ്റൻറ് എഡിറ്റർ - മുഹമ്മദ് റിയാസ്



ങ്ങൾക്കായി എല്ലാ ജില്ലകളിലും വൈഗ റിസോഴ്സ് സെന്ററുകൾ ഉടൻ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.

തിരുവനന്തപുരത്ത് നടന്ന വൈഗ 2023ൽ ഫെബ്രുവരി 27നാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ്ങുമായി ധാരണപത്രം ഒപ്പുവച്ചത്. മാർച്ച് മാസത്തിൽ തന്നെ ആദ്യ പരിശീലന പരിപാടി സംഘടിപ്പിക്കുവാനായത് നേട്ടം ആണെന്നും കേരള സർക്കാർ കർഷകരുടെ വിവിധ വിഷയങ്ങളിൽ ഉടനടി നടപടികൾ പൂർത്തിയാക്കുവാൻ പരിശ്രമിക്കുന്നുവെന്നും മന്ത്രി പറഞ്ഞു. സൊളാനിൽ വച്ച് നടക്കുന്ന കൂൺകൃഷി പരിശീലനത്തിൽ കർഷകരെ ഉൾപ്പെടുത്തുവാൻ കഴിഞ്ഞെന്നും രാജ്യത്തിനകത്തും പുറത്തുമുള്ള വിവിധ പരിശീലന പരിപാടികളിൽ കർഷകരെ പങ്കെടുപ്പിക്കുമെന്നും മന്ത്രി പറഞ്ഞു. വിപണി അധിഷ്ഠിത പാക്കേജിംഗ് വർത്തമാനകാലത്തിന്റെ ആവശ്യമാണെന്നും കൃഷിവകുപ്പിന്റെ വിവിധ പരിപാടികളിൽ സഹകരിച്ചു കൊണ്ട് കർഷകർക്ക് പാക്കേജിംഗ് സാങ്കേതികവിദ്യയുടെ വിവിധ മേഖലകളിലെ അറിവുകൾ പകർന്ന നൽകുമെന്ന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ് ഹെഡും ജോയിന്റ് ഡയറക്ടറുമായ ഡോ. ബാബു റാവു ഗുഡൂരി പറഞ്ഞു. കാർഷികോത്പാദന സംഘടനകൾ, കൃഷിവകുപ്പിലെ വിവിധ ഫാമുകളിലെ ഉദ്യോഗസ്ഥർ, സർക്കാർ - അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, നബാർഡിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പരിശീലനത്തിൽ പങ്കെടുത്തു. സമേതി ഡയറക്ടർ ശ്രീ. ജോർജ് സെബാസ്റ്റിയൻ സ്വാഗതവും ഐ.ഐ.പി ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ആർ. പൊൻകുമാർ നന്ദിയും പറഞ്ഞു.

# കാഷ്യു പ്രൊട്ടക് – കശുമാവ് കർഷകർക്ക് ആശ്വാസമായി ഒരു മൊബൈൽ ആപ്പ്

കശുമാവിൽ കീടങ്ങളുടെയും രോഗങ്ങളുടെയും ശാസ്ത്രീയ നിയന്ത്രണത്തിന് വിദഗ്ധോ ഉപദേശവുമായി 'കാഷ്യു പ്രൊട്ടക്' എന്ന മൊബൈൽ ആപ്പ് പുറത്തിറങ്ങി. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ കീഴിൽ കർണാടകയിലെ പുത്തൂരിലുള്ള കശുമാവ് ഗവേഷണ ഡയറക്ടറേറ്റ് വികസിപ്പിച്ചെടുത്തതാണ് ഈ ആപ്പ്. ഇതിനുമുമ്പ് 'കാഷ്യു ഇന്ത്യ' എന്ന ഒരു ആപ്പും ഈ കേന്ദ്രം പുറത്തിറക്കിയിരുന്നു. കശുമാവിലെ പരിപാലന മുറകൾ ഇനം തിരിച്ച് നൽകുന്ന ഈ ആപ്പ് വഴി കമ്പോള നിലവാരവും അറിയാം. ഇപ്പോൾ വികസിപ്പിച്ച പുതിയ 'കാഷ്യൂ പ്രൊട്ടക്'



ആപ്പ് വഴി രോഗ കീടങ്ങളെ മനസ്സിലാക്കുന്നതിനും അതിനു അവലംബിക്കേണ്ട ശാസ്ത്രീയ നിയന്ത്രണ മാർഗ്ഗങ്ങൾ മനസ്സിലാക്കാനും സാധിക്കും . ആൻഡ്രോയിഡ് മൊബൈലുകളിൽ പ്ലേസ്റ്റോറിൽ നിന്നും കാഷ്യു പ്രൊട്ടക് എന്ന ആപ്പ് ഡൗൺലോഡ് ചെയ്താൽ മലയാളഭാഷയിൽ ഈ വിവരങ്ങൾ കർഷകർക്ക് ലഭിക്കും എന്ന് മാടക്കത്തറ കശുമാവ് ഗവേഷണ കേന്ദ്രം മേധാവി ഡോ. ജലജ എസ് മേനോൻ അറിയിച്ചു. ആപ്പ് തുറന്നു വരുന്നതോടെ സജീവമാകുന്ന ക്യാമറ ഉപയോഗിച്ച് തൽക്ഷണം ഫോട്ടോ അപ്‌ലോഡ് ചെയ്യുക വഴി കീടാക്രമണം തിരിച്ചറിയാനും നിയന്ത്രണ മാർഗങ്ങൾ മനസ്സിലാക്കാനും സാധിക്കുമെന്നതാണ് ഈ ആപ്പിന്റെ മേന്മ. കൂടുതൽ വിവരങ്ങൾക്കായി ആപ്പ് വികസിപ്പിക്കുന്നതിന് നേതൃത്വം നൽകിയ ഡോ. ജി.എസ്. മോഹനയുമായി ബന്ധപ്പെടുക. ഫോൺ :9902273468

# ബോധവൽക്കരണ സെമിനാർ

## വിഷയം: കാർബൺ ന്യൂട്രൽ ഫാമിംഗിന്റെ പ്രസക്തിയും പ്രകൃതി സൗഹൃദ കൃഷിയുടെ ആവശ്യകതയും

ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും നീണ്ടുപോകുന്ന വേനലും പ്രവചനാതീതമായ മഴയും ജീവിവർഗങ്ങളുടെ അന്യംനിൽക്കലിനും ആവാസ വ്യവസ്ഥകളുടെ നാശത്തിനും ഇടയാക്കുമെന്ന് ശാസ്ത്രലോകം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. മനുഷ്യരുടെ ഇടപെടലുകൾ മൂലവും മറ്റും അന്തരീക്ഷത്തിൽ ഹരിതഗൃഹ വാതകങ്ങളുടെ അളവ് വർധിച്ചു വരുന്നതാണ് ഇതിന്റെ അടിസ്ഥാന കാരണം. വിവിധ കൃഷി പ്രവൃത്തികളിലും മറ്റ് ഉപാധികളിലുമായി പുറന്തള്ളുന്ന അതേ അളവിൽ മണ്ണിൽ കാർബൺ ആഗിരണം ചെയ്യുമ്പോഴാണ് കാർബൺ ന്യൂട്രൽ കൃഷി എന്ന് പറയാവുന്നത്.



ഇതിനെക്കുറിച്ച് നല്ലൊരു അവബോധം കർഷകരിലേക്ക് എത്തിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായതിനാൽ സർക്കാരിന്റെ ആഹ്വാനപ്രകാരം കയ്യൂർ-ചീമേനി പഞ്ചായത്തിലെ കർഷകർക്ക് കാർബൺ ന്യൂട്രൽ ഫാമിംഗിനെക്കുറിച്ച് കേരള കാർഷിക സർവ്വകലാശാലയുടെ ഉത്തരമേഖല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം 20.03.2023 ന് പഞ്ചായത്ത് സി. ഡി. എസ്. ഹാളിൽവച്ച് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. അജിത്ത്കുമാർ എ ജി യുടെ അദ്ധ്യക്ഷതയിൽ ചേർന്ന ബോധവൽക്കരണ ക്ലാസ്സ് ബഹു. ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. കെ പി വത്സലൻ ഉദ്ഘാടനം ചെയ്തു. പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്ര മേധാവി ഡോ. വനജ ടി കാർബൺ ന്യൂട്രൽ ഫാമിംഗിന്റെ പ്രസക്തിയും പ്രകൃതി സൗഹൃദ കൃഷിയുടെ ആവശ്യകതയും എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ് കൈകാര്യം ചെയ്തു. അസിസ്റ്റന്റ് കൃഷി ഓഫീസർ ശ്രീ. പ്രകാശൻ പരിപാടിക്ക് ആശംസകളേകി. കൃഷി ഓഫീസർ ശ്രീമതി. രേഷ്മ കെ പി സ്വാഗതവും അസിസ്റ്റൻറ് പ്രൊഫസർ ശ്രീമതി. ക്രിസ് ജോസഫ് നന്ദിയും അറിയിച്ചു.

# അന്താരാഷ്ട്ര വനദിനം ആചരിച്ചു

വെള്ളാനിക്കര - മാർച്ച് 21 അന്താരാഷ്ട്ര വനദിനത്തോടനുബന്ധിച്ച് കേരള കാർഷിക സർവ്വകലാശാല വനശാസ്ത്ര കോളേജിൽ വനദിനം ആചരിച്ചു. കോളേജ് ഡീൻ ശ്രീ. അനൂപ് ഇ.വി വൃക്ഷതൈകൾ വിതരണം ചെയ്തുകൊണ്ട് ദിനാഘോഷം ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ വിദ്യാർത്ഥി യൂണിയൻ പ്രസിഡന്റ് കുമാരി ആദില എം.പി അധ്യക്ഷത വഹിച്ചു. ഡോ. ജമാലുദ്ദീൻ വി ,യൂണിയൻ സെക്രട്ടി അർഷദ് അഷ്റഫ് എന്നിവർ ചടങ്ങിൽ സംസാരിച്ചു. തുടർന്ന് 'കാര്യക്ഷമമായ വന സംരക്ഷണം' എന്ന വിഷയത്തിൽ പ്രസംഗ മത്സരം, വിദ്യാർത്ഥികളും അധ്യാപകരും സംയുക്തമായി ചേർന്ന് സർവ്വകലാശാലയിലൂടെ ട്രീ വാക്, കോളേജിലെ മരങ്ങളെ അടിസ്ഥാനമാക്കിയുള്ള ട്രീ ഹണ്ട് കോമ്പറ്റിഷൻ, ഇന്റർ-കോളേജിയേറ്റ് ക്വിസ് മത്സരം എന്നിവ സംഘടിപ്പിക്കപ്പെട്ടു. ഈ വർഷത്തെ ഓസ്കാർ നേടി അന്താരാഷ്ട്ര പ്രശസ്തി ലഭിച്ച 'ദി എലിഫന്റ് വിസ്പറേഴ്സ്' എന്ന ഡോക്യുമെന്ററിയും തുടർന്ന് പ്രദർശിപ്പിച്ചു. മത്സര വിജയികൾക്ക് ചടങ്ങിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ഈ വർഷത്തെ അന്താരാഷ്ട്ര വനദിന സന്ദേശമായ 'വനവും ആരോഗ്യവും' എന്ന ആശയത്തെ ഉൾക്കൊണ്ട് കോളേജിലെ ഒന്നാംവർഷ B.Sc. ( Hons.) ഫോറസ്ട്രി വിദ്യാർത്ഥികൾ അന്താരാഷ്ട്ര വനദിനാഘോഷത്തിന്റെ ഭാഗമായി 'കാടും കൃഷിയും ആരോഗ്യ സുരക്ഷയ്ക്ക്' എന്ന പദ്ധതിക്ക് തുടക്കമിട്ടു. വിദ്യാർഥികൾ അഖിലേന്ത്യാ ഏകോപിത കാർഷിക ഗവേഷണ പദ്ധതിയുടെ കീഴിൽ വരുന്ന മാതൃക ഹോം ഗാർഡൻ പ്ലോട്ടിലാണ് വൃക്ഷങ്ങൾക്കിടയിൽ കൃഷി ആരംഭിച്ചത്. വെണ്ട, വഴുതന, തക്കാളി, ചീര, മുളക് തുടങ്ങിയ പച്ചക്കറികളാണ് വിദ്യാർത്ഥികൾ കൃഷി ചെയ്യുന്നത്. ഉൽപ്പാദിപ്പിക്കപ്പെടുന്ന പച്ചക്കറിവിളകൾ വിപണനമേള സംഘടിപ്പിച്ച് വിതരണം ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്. വിദ്യാർത്ഥികളുടെ കാർഷിക നൈപുണ്യം വർദ്ധി



പ്പിക്കാനും അവരിലെ സംരംഭകത്വം വികസിക്കുന്നതിനും ഈ പദ്ധതി പ്രയോജനം ചെയ്യും. അസിസ്റ്റന്റ് പ്രൊഫസര്മാരായ Dr. ആശ കെ.രാജ്, ശ്രീ നിയാസ്. പി, ശ്രീ ഷൈൻ. ജി, ശ്രീമതി ഐശ്വര്യ, ഫാം ഓഫീസർ ശ്രീ.സജീവ് കുമാർ ഗവേഷണ പഠിതാക്കളായ എൽദോസ്, സൂരജ് എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

# റബ്ബറിന്റെ താങ്ങുവില ഉയർത്തേണ്ടത് അനിവാര്യം : കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ്

2020 -21 വർഷത്തിൽ റബ്ബറിന്റെ ഉത്പാദനക്ഷമത ഹെക്ടറിന് 1534 കിലോഗ്രാമിൽനിന്നും ഹെക്ടറിന് 1565 കിലോഗ്രാമായി വർദ്ധിച്ചെന്നും കേരളത്തിലെ ആകെ റബ്ബർ ഉത്പാദനം 5.19 ലക്ഷം ടണ്ണിൽ നിന്നും 5.566 ലക്ഷം ടണ്ണായി വർദ്ധിച്ചെന്നും കൃഷി വകുപ്പ്മന്ത്രി ശ്രീ. പി പ്രസാദ്. റബ്ബർകർഷകരെ സഹായിക്കാൻ 2015-16 മുതൽ സംസ്ഥാന സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്പദ്ധതി നടപ്പിലാക്കി വരുന്നു. കൃഷിവകുപ്പിന്റെ പദ്ധതിയേതര (Non Plan) വിഹിതത്തിൽ നിന്നും തുക കണ്ടെത്തിയാണ്കേരള സർക്കാർ പദ്ധതി നടപ്പിലാക്കുന്നത്. 2022-23 വർഷം 500 കോടി രൂപയാണ്റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതിനായി സർക്കാർ വകയിരുത്തിയിട്ടുള്ളത്. റബ്ബറിന്റെ താങ്ങുവില ഉയർത്തുന്നതിന് കേന്ദ്രസഹായം ആവശ്യമാണ്. കേന്ദ്രസർക്കാരിന് ലഭിക്കുന്ന ഇറക്കുമതി ചുങ്കത്തിൽനിന്നും സംസ്ഥാനങ്ങളുടെ ഉൽപ്പാദനം കണക്കാക്കി ആനുപാതികമായ തുക വില സ്ഥിരത ഫണ്ടിലേക്ക് ലഭ്യമാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. വിലത്തകർച്ച മൂലം പ്രതിസന്ധിയിലായിരിക്കുന്ന റബ്ബർ കൃഷിക്കാരെ സഹായിക്കാൻ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വില സ്ഥിരതാ ഫണ്ട് സംബന്ധിച്ച് അഡ്വക്കേറ്റ് മോൻസ് ജോസഫ് എം.എൽ.എ.യുടെ ശ്രദ്ധക്ഷണിക്കൽ നോട്ടീസിനുള്ള മറുപടിയിലാണ് ബന്ധപ്പെട്ട വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

തീരുവയില്ലാതെയുള്ള സ്വാഭാവിക റബ്ബർ ഇറക്കുമതി അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും, എല്ലാതരത്തിലുമുള്ള ഉണക്കരൂപത്തിലുള്ള റബ്ബറിന്റെ ഇറക്കുമതി തീരുവ 70%ലേക്ക് ഉയർത്തണമെന്നും റബ്ബറിനെ “Make In India” പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും അഭ്യർത്ഥിച്ചുകൊണ്ട്സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നടപടി ഉണ്ടായിട്ടില്ല. ഇന്ത്യയിലേക്ക് ചണ്ടിറബ്ബർ (Cup Lump Rubber) ഇറക്കുമതി ചെയ്യുന്നതിന് നിലവിലുള്ള നിരോധനം തുടരണമെന്ന്കേന്ദ്ര കോമേഴ്സ് & ഇൻഡസ്ട്രിമന്ത്രാലയത്തോട് നിരവധി തവണ അഭ്യർത്ഥിച്ചിട്ടുണ്ടെന്നും, ദേശീയതലത്തിൽ റോഡ് റബ്ബറൈസ് ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും മറ്റു നിർമ്മാണ പ്രവൃത്തികളിൽ റബ്ബർ വുഡിന്റെയും റബ്ബർ അനുബന്ധ ഉൽപ്പന്നങ്ങളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും നാഷണൽ റബ്ബർ പോളിസിയിലൂടെ സാധ്യമാകണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്കിലോ ഗ്രാമിന് 150 രൂപ എന്നത് 170 രൂപയായി വർധിപ്പിച്ചിട്ടുണ്ട്. ഈയിനത്തിൽ 2021-22 വർഷത്തിൽ 50 കോടി രൂപ അനുവദിച്ചു. പ്രസ്തുത പദ്ധതിയുടെ 7 ഘട്ടങ്ങൾ ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ സ്കീമിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത റബ്ബർ കർഷകർക്ക് 30.11.2022 വരെ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ അനുമതി നൽകിക്കൊണ്ട് സർക്കാർ

01.07.2022 മുതൽ 30.06.2023 വരെയുള്ള ഘട്ടം നടപ്പിലാക്കി വരുന്നു. 2022-23 സാമ്പത്തിക വർഷം 16.02.2023 വരെ റബ്ബർബോർഡ് അംഗീകരിച്ച് സർക്കാരിലേക്ക്സമർപ്പിച്ച മുഴുവൻ അപേക്ഷകളിന്മേൽ ആകെ 33.195 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. സ്വാഭാവികമായ റബ്ബറിന്റെ ഉപയോഗം വർദ്ധിപ്പിക്കുവാൻറബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക്സർക്കാർ കൂടുതൽ ഊന്നൽ നൽകുന്നുണ്ട്. ഇക്കാര്യത്തിനായി വ്യവസായ വകുപ്പിനു കീഴിൽ റബ്ബർ മൂല്യവർദ്ധിത ഉല്പന്നങ്ങൾഉ ല്പാദിപ്പിക്കുന്നതിനായി 'CIAL Model' ല് ഒരു റബ്ബർ കമ്പനി "കേരള റബ്ബർ ലിമിറ്റഡ്" എന്ന പേരി ൽസംസ്ഥാന സർക്കാർ രൂപം നൽകുകയും പ്രസ്തുത കമ്പനി 2021 ൽപ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. കൂടാതെ കേന്ദ്രസർക്കാർ നടപ്പാക്കുന്ന കുറഞ്ഞ താങ്ങുവില പദ്ധതിയിൽ റബർ, ഏലം, കുരുമുളക്,കാപ്പി തുടങ്ങിയ വിളകളെക്കൂടി ഉൾപ്പെടുത്തുവാനും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

കേരളത്തെ ഗുരുതര പ്രതിസന്ധിയിലാഴ്ത്തിയ മഹാപ്രളയം കാർഷിക മേഖലയിലുണ്ടാക്കിയ ആഘാതം വളരെ വലുതാണ്. ഇതിൽനിന്നും കരകയറുന്നതിനായി ശ്രമിക്കുന്നതിനിടെ വന്ന കോവിഡ്-19 മഹാമാരി കാർഷിക ഉല്പാദന വിപണന മേഖലയിൽകർഷകർക്ക് വളരെയേറെ തടസ്സങ്ങൾ സൃഷ്ടിച്ചു. ഇവ മൂലമുണ്ടായ പ്രതിസന്ധികൾ കാര്യക്ഷമമായി തരണം ചെയ്യത്കൃഷി വകുപ്പ്സമയോചിതമായി ഇടപെട്ടുകൊണ്ടും വളരെ ഉചിതമായ പദ്ധതികൾജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയതുകൊണ്ടുമാണ്. സാമ്പത്തിക അവലോകന റിപ്പോർട്ട് 2022 പ്രകാരം കേരളത്തിന്റെ കാർഷിക മേഖലയുടെ വളർച്ച 2020-21 ൽ 0.24 ആയിരുന്നത് 2021-22 ൽ 4.69 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. ഇതേകാലഘട്ടത്തിൽ അഖിലേന്ത്യ തലത്തിലെ വളർച്ച 3.3 ശതമാനത്തിൽ നിന്നും 3 ശതമാനമായികുറയുകയാണ് ഉണ്ടായത്.

പ്രളയം ദുരിതത്തിലാഴ്ത്തിയ കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി സർക്കാർ നടപ്പിലാക്കിയ



പദ്ധതികളാണ് 'പുനർജനിയും' റീബിൽഡ്കേരളഇനിഷ്യേറ്റീവും'. പുനർജ്ജനി പദ്ധതിക്കായി സർക്കാർ 2018-19 വർഷത്തിൽ 65.81 കോടി രൂപ ചെലവഴിക്കുകയുണ്ടായി. പുനർജ്ജനി പദ്ധതിയുടെ തുടർച്ചയായി 2020-21, 2021-22 വാർഷിക പദ്ധതികളെ ഉൾപ്പെടുത്തി 'പുനർജ്ജനി പ്രളയാനന്തര കാർഷിക മേഖലയുടെ പുനഃസ്ഥാപനം 'എന്ന പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചു നടപ്പിലാക്കി. 2022-23 സാമ്പത്തിക വർഷത്തിലും അംഗീകാരം ലഭിച്ച പ്രസ്തുത പദ്ധതി തുടർന്നു വരുന്നു. റീബിൽഡ്കേരളഇനിഷ്യേറ്റീവ് എന്ന പദ്ധതിയിൽ കാർഷിക മേഖലയിലെ 18 പ്രോജക്ടുകളെ ഉൾപ്പെടുത്തുകയും 2019-20 കാലഘട്ടത്തിൽ 522.0086 കോടി രൂപ വകയിരുത്തുകയും ചെയ്തു.

കോവിഡ്സൃഷ്ടിച്ച പ്രതിസന്ധി തരണം ചെയ്യുന്നതിനായി ബഹുജനപങ്കാളിത്തത്തോടെയും വിവിധ വകുപ്പുകളുടെ സഹകരണത്തോടെയും വളരെ വിജയകരമായി നടപ്പിലാക്കിയ പദ്ധതിയാണ് 'സുഭിക്ഷകേരളം'. ഈ പദ്ധതിയുടെ ഭാഗമായി 2,158 മഴ മറകൾസ്ഥാപിക്കുകയും, 250 ഉള്ളിനന യൂണിറ്റുക ൾസ്ഥാപിക്കുകയും , 24990 ഹെക്ടർതരിശു ഭൂമിയിൽ കൃഷി നടപ്പിലാക്കുകയും, 60,921 ഹെക്ടർസ്ഥലത്തു തെങ്ങു കൃഷിക്കുള്ള പദ്ധതിയായ കേരഗ്രാമം പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കൂടാതെ, 2,144.55 ലക്ഷം രൂപ (07.01.2023 വരെ) വിള ഇൻഷൂറൻസ്പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്ക് ഇൻഷൂറൻസ് തുകയായി നൽകിയിട്ടുമുണ്ട്. നെൽ കൃഷിക്ക്പരിധിയില്ലാതെയും മറ്റ് വിളകൾക്ക് രണ്ട്ഹെക്ടർ വരെയും ജലസേചനത്തിന് വൈദ്യുതി സൗജന്യമായി അനുവദിച്ചു വരുന്നുണ്ട്.

തെങ്ങിന്റെ വിസ്തൃതിയും ഉല്പാദനവും കുറയുന്നത് കണക്കിലെടുത്ത് 2014-15 മുതൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നു. 2022 - 23 വർഷത്തിൽ 100 ഹെ വിസ്തൃതിയുള്ള 100 കേരഗ്രാമങ്ങൾ നടപ്പിലാക്കുന്നു. ഒരു കേരഗ്രാമത്തിനു 25.67 ലക്ഷം രൂപ എന്ന കണക്കിൽ അനുവദിച്ചിട്ടുണ്ട്. നാളികേര കൃഷിയുടെ ഉല്പാദന വർദ്ധനവിന്നാളികേരവികസന പദ്ധതിയിൽ 7390 ലക്ഷം രൂപ ബഡ്ജറ്റിൽ ഈവർഷം വകയിരുത്തിയിട്ടുണ്ട്. നാളികേര കർഷകർനേരിടുന്ന വിലയിടിവ്പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കുവാനുമായാണ്സംസ്ഥാന സർക്കാർ പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. കേരഫെഡ്, VFPCK, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC), തുടങ്ങിയവ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണ വില നൽകിയാണ്സംഭരിച്ചുവരുന്നത്. വിവിധ സംഭരണ കേന്ദ്രങ്ങളിലൂടെ 16.03.2023 വരെ 10843.40509 ടൺപച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് സുസ്ഥിരമായ നെൽകൃഷി ഉറപ്പ് വരുത്തുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി സിവിൽസപ്ലൈസ് കോർപ്പറേഷൻ കർഷകരിൽ നിന്നും നെല്ല് സംഭരിച്ചു വരുന്നു. 2022-23 വർഷത്തിൽ നെല്ലിന്റെ താങ്ങുവില കിലോഗ്രാമിന് 20 രൂപ 40 പൈസയായാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ താങ്ങു വിലയോടൊപ്പം സംസ്ഥാനസർക്കാരിന്റെ പ്രോത്സാഹന ബോണസും കൂടി ചേർത്ത്കിലോഗ്രാമിന് 28 രൂപ 20 പൈസ സംഭരണ വിലയായി നിശ്ചയിച്ചാണ്സർക്കാർ സപ്ലൈകോ മുഖേന നെല്ല് സംഭരിച്ചു വരുന്നത്.

സംസ്ഥാനത്തെ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾക്ക് വിളവെടുപ്പ്സമയത്തുണ്ടാകുന്ന വിലയിടിവ് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി വ്യാപനത്തിന് തടസ്സമാകുന്നത്പരിഹരിക്കുന്നതിനും സംസ്ഥാനത്ത്കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനുമായി കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതി 2020 നവംബർഒന്ന്മുതൽ നടപ്പിലാക്കി വരുന്നു. ഇന്ത്യയിൽആദ്യമായി പഴം പച്ചക്കറികൾക്ക് അടിസ്ഥാന വില പ്രഖ്യാപിച്ച്നടപ്പിലാക്കുന്ന സംസ്ഥാനമാണ്കേരളം. ഇതിന്റെ മാതൃക പഠിക്കുന്നതിന് തമിഴ്നാട്, മഹാരാഷ്ട്ര , തെലുങ്കാന എന്നീ സംസ്ഥാനങ്ങൾപദ്ധതിയുടെ വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ട്

കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ എന്നീ സുഗന്ധവ്യഞ്ജന വിളകളുടെ വികസനത്തിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ആയാണ് 2022-23 സാമ്പത്തിക വർഷം സുഗന്ധവ്യഞ്ജന വിള വികസന പദ്ധതി നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതിക്ക് 36000 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

കൃഷിക്കാവശ്യമായ രാസവസ്തുക്കളായ കീടനാശിനികളുടെ വില വർദ്ധനവ്ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാൽപ്പതിലേറെ വർഷങ്ങളായി കർഷകർ ഉപയോഗിച്ചിരുന്ന ചുവപ്പ് (extremely toxic), മഞ്ഞ (highly toxic), നീല (moderately toxic) ലേബലിലുള്ള വിഷാംശം കൂടിയ കീടനാശിനികൾ പലതും പിൽക്കാലത്ത്കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിരോധിക്കുകയുണ്ടായി. പഴയ തലമുറയിൽപ്പെട്ട വിഷം കൂടിയ കീടനാശിനികളിൽ ചിലത് നിരോധിക്കപ്പെട്ടപ്പോൾ ബദലായി ഉപയോഗിക്കാവുന്നവയുടെ വിലയിൽകമ്പനികൾ വർദ്ധനവ് വരുത്തിയിട്ടുണ്ട്. കൂടാതെ, പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ് അനുസരിച്ച്കീടനാശിനികളുടെ വിലയിൽവർദ്ധനവ് കണ്ടു വരുന്നു.

കേന്ദ്രസർക്കാരിന്റെ കർഷക വിരുദ്ധ നയത്തിന്റെ ഭാഗമായി കാർഷികമേഖലയിലെ ബഡ്ജറ്റ് വിഹിതത്തിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. 2022-23 ൽസാമ്പത്തിക വർഷത്തിൽ RKVY യുടെ പദ്ധതി വിഹിതം ദേശീയ തലത്തിൽ 10,437 കോടി രൂപ ആയിരുന്നത് 2023-24-ൽ 7150.35 കോടി ആയി കുറവു വരുത്തി. കൂടാതെ നിലവിൽ ഉണ്ടായിരുന്ന 10 കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് പ്രത്യേകം തുകകൾ വകയിരുത്താതെ കൃഷി ഉന്നതി യോജന എന്ന ശീർഷകത്തിൽ 7066.47 കോടി രൂപമാത്രമായി വകയിരുത്തിയത് നിലവിലുള്ള പദ്ധതികളുടെ നടത്തിപ്പിനെ കാര്യമായി ബാധിക്കും.

രാസവളങ്ങൾക്ക് അവയിൽ അടങ്ങിയിരിക്കുന്ന NPK മൂലകങ്ങളുടെ തോതനുസരിച്ചാണ് കേന്ദ്രസർക്കാർ വളം കമ്പനികൾക്ക് സബ്സിഡി നൽകുന്നത്. രാസവളങ്ങളുടെ വിലനിയന്ത്രിക്കുന്നത് കേന്ദ്രകൃഷി മന്ത്രാലയമാണ്. 2021-22 സാമ്പത്തിക വർഷത്തേക്കാൾ 50121 കോടി രൂപ കുറച്ചാണ് 2022-23 ൽ രാസവള സബ്സീഡിക്കായി കേന്ദ്ര സർക്കാർ വക കൊള്ളിച്ചിരിക്കുന്നത്. എന്നാൽ കർഷകരെ സഹായിക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പ നടപ്പിലാക്കുന്ന പദ്ധതികളിലും ജനകീയാസൂത്രണ പദ്ധതികളിലും ഉൽപ്പാദന ഉപാധിയായ വളത്തിന് 50% വരെ സബ്സിഡി നൽകുന്നുണ്ട്

സംസ്ഥാനത്ത് കൃഷി വകുപ്പിന് കീഴിൽ 14 ജില്ലാമണ്ണ്പരിശോധനാ ശാലകളും തിരുവനന്തപുരത്തെ കേന്ദ്ര മണ്ണ്പരിശോധനശാലയും പ്രവർത്തിക്കുന്നു. കൂടാതെ നിലവിൽ 11 സഞ്ചരിക്കുന്ന മണ്ണ്പരിശോധനശാലകളും പ്രവർത്തിക്കുന്നുണ്ട്. അതാത് ജില്ലകളിലെ മൊബൈൽ ലബോറട്ടറികൾ ജില്ലയിലെ എല്ലാഭാഗത്തും സന്ദർശിച്ച് കൃഷിയിടങ്ങളിൽ മണ്ണ്പരിശോധന നടത്തുന്നു. കർഷകർ കൃഷി ഭവൻ മുഖേനയോ നേരിട്ടോ മണ്ണ് സാമ്പിളുകൾപരിശോധനാലാബുകളിൽ എത്തിച്ചാൽ സമയബന്ധിതമായി പരിശോധിച്ച്തക്കതായ വളപ്രയോഗ നിർദ്ദേശങ്ങൾ നൽകുവാനുള്ള സംവിധാനം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ലഭ്യമാണ്. ഈ പരിശോധനാ ഫലത്തിന്റെയും നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ കർഷകർ വളപ്രയോഗം ചെയ്യുന്നത്. കൃത്യമായി മണ്ണിന്റെ ഫലഭ്രയിഷ്ഠത നിലനിർത്തി കൃഷി മുന്നോട്ട്കൊണ്ടു പോകാനായി സാധിക്കും. 2022-23 വർഷത്തിൽ നാളിതുവരെ 1,33,564 മണ്ണ്സാമ്പിളുകൾപരിശോധിക്കുകയും കർഷകർക്ക്നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. നടപ്പ് വർഷത്തിൽ നാളിതുവരെ 62,700 സാമ്പിളുകൾപരിശോധിച്ച്കർഷകർക്ക്നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് റബ്ബർ കർഷകർ ഉൾപ്പെടെയുള്ളവർക്ക്കൃഷി വകുപ്പിന്റെ മണ്ണ്പരിശോധനാശാലകളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. സംസ്ഥാനത്ത്റബ്ബർകൃഷിയുടെ മേൽനോട്ടം വഹിക്കുന്ന റബ്ബർബോർഡിന്റെകീഴിലും മണ്ണ്പരിശോധനാ ശാലകൾ പ്രവർത്തിക്കുന്നു.

കൃഷി വകുപ്പ്, വിവിധ പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള എക്കോഷോപ്പുകൾ, എഗ്രേഡ്ക്ലസ്റ്ററുകൾ, ബ്ലോക്കുലെവൽഫെഡറേറ്റഡ്ക്ലസ്റ്ററുകൾ, ആഴ്ചചന്തകൾ, നഗര വഴിയോര ആഴ്ചചന്തകൾ തുടങ്ങിയവ മുഖേന അതാതു ഗ്രാമപഞ്ചായത്തു/ബ്ലോക്കു പ്രദേശങ്ങളിൽ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ കർഷകർക്ക്നേരിട്ട്ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തു പ്രവർത്തിക്കുന്ന 6 മൊത്തവ്യാപാര വിപണികളിൽ കർഷകർക്ക് നേരിട്ട തങ്ങളുടെ ഉൽപ്പന്നങ്ങൾ എത്തിച്ചു വിൽപ്പന നടത്തുവാൻ സാധിക്കും. ഇത്തരം നടപടികളിലൂടെ കേരളത്തിലെ കാർഷിക മേഖലയുടെ ഉന്നമനത്തിനായി നിലവിലെ സർക്കാർ പ്രയത്നിച്ചു കൊണ്ടിരിക്കുന്നുവെന്നും മന്ത്രി സൂചിപ്പിച്ചു.

# ഫാർമർ പ്രൊഡ്യൂസർ കമ്പനി(FPC)കൾക്ക് ആവശ്യമായ സഹായംനൽകും: കൃഷി വകുപ്പ്മന്ത്രി ശ്രീ. പി.പ്രസാദ്

ക കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുക, കർഷകരുടെ വരുമാനം ഇരട്ടിയാക്കുക, പാരമ്പര്യ കൃഷിരീതി പിന്തുടർന്നും നവീന കൃഷിരീതി അനുവർത്തിച്ചും കേരളത്തിൽ ഭക്ഷ്യ സ്വയം പര്യാപ്തത, ഭക്ഷ്യ സുരക്ഷ എന്നിവ കൈവരിക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കൃഷിക്കൂട്ടങ്ങൾ, സ്വയംസഹായസംഘങ്ങൾ, ഫാർമർക്ലസ്റ്ററുകൾ, കാർഷികോത്പാദന സംഘടനകൾ (FPOകൾ) തുടങ്ങിയവയ്ക്ക് ആവശ്യമായ സഹായങ്ങൾ നല്കുമെന്ന കൃഷിമന്ത്രി ശ്രീ. പി.പ്രസാദ്പറഞ്ഞു. യുവതലമുറയേയും, പ്രവാസികളേയും, സ്ത്രീകളേയും കൃഷിയിലേക്ക് ആകർഷിക്കുവാനും ഇത്തരം കൂട്ടായ്മകൾആവശ്യമാണ്. കൂട്ടായ്മകളിൽക്കൂടി കൃഷി വിസ്തൃതിവർധിപ്പിക്കുവാനും ഗുണമേന്മയുള്ള ഉത്പന്നങ്ങൾഉല്പാദിപ്പിക്കുവാനും സാധ്യമാകുന്നതോടെ കാർഷിക ഉല്പന്നങ്ങൾക്ക്മൂല്യവർധിതഉല്പന്ന മേഖലയിലെ സാധ്യത വർധിപ്പിക്കുവാൻ സാധ്യമാകും എന്ന സർക്കാരിന്റെ കാഴ്ചപ്പാടാണ്കൂടുതൽ FPO കൾ കാർഷികമേഖലയിൽഉണ്ടാക്കി പ്രവർത്തനം ആരംഭിക്കണമെന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചത്. കാർഷിക കൂട്ടായ്മകൾ സൃഷ്ടിക്കുന്നതോടെയും മൂല്യവർധനവിൽ ശ്രദ്ധകേന്ദ്രീകരിച്ച്കർഷകരുടെ വരുമാനത്തിൽ വർധനവ് ഉണ്ടാക്കുവാൻ സാധിക്കുമെന്നുമന്ത്രി പറഞ്ഞു. അഡ്വ. ഡി. കെ. മുരളി എം.എൽ.എ. യുടെ സബ്മിഷനുള്ള മറുപടിയിലാണ് മേൽ പരാമർശങ്ങളുള്ളത്.

സംസ്ഥാന കൃഷിവകുപ്പിന്കീഴിൽപ്രവർത്തിക്കുന്ന ചെറുകിട കർഷക കാർഷിക വ്യാപാരകൺസോർഷ്യം (SFAC) എന്ന സ്ഥാപനമാണ് RKVY പദ്ധതി പ്രകാരം കർഷകഉത്പാദക സംഘടനകളുടെ രൂപീകരണം നിർവ്വഹിക്കുന്നത്. പ്രസ്തുത പദ്ധതി പ്രകാരം പുതുതായി 50 കർഷക ഉത്പാദക സംഘടനകൾ രൂപീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

കർഷകരെ സംഘടിപ്പിക്കുക, അവർക്കാവശ്യമുള്ള സാങ്കേതിക വിദ്യ, ഉൽപ്പാദനോപാധികൾ, വായ്പ സംവിധാനം, ഇൻഷ്വറൻസ് പരിരക്ഷ, ഉൽപ്പാദനമേഖലയിൽ ധനം നിക്ഷേപിക്കുന്നതിനുള്ള ആർജ്ജവം അസംഘടിതമേഖലയിൽ വർത്തിക്കുന്ന കർഷകരിൽ വളർത്തിയെടുക്കുക, അവരുടെ ഉൽപ്പന്നങ്ങൾക്ക്കൂട്ടായ വിപണന മാർഗ്ഗങ്ങൾ അവലംബിക്കാൻ പ്രോത്സാഹനം നൽകുക, കാർഷിക ഉൽപ്പാദനം മെച്ചമാക്കുന്നതിന്പുതിയ ശാസ്ത്രീയ കൃഷിരീതികളിൽ പരിശീലനം നൽകുക, കാർഷിക ഉൽപ്പന്നങ്ങൾക്ക്ഗ്രേഡിംഗ്, സോർട്ടിംഗ്, പാക്കിംഗ് എന്നിവ നടത്തുന്നതിന്പാക്ക്ഹൗസുകൾസ്ഥാപിക്കുക, ഉൽപ്പന്നങ്ങൾക്ക്സർക്കാർനേതൃത്വം വഹിച്ചുകൊണ്ട്ബ്രാൻഡിംഗ് ഏർപ്പെടുത്തുകഎന്നിങ്ങനെ നാനോന്മുഖമായ പ്രവർത്തനങ്ങളാണ്പദ്ധതി വഴി ലക്ഷ്യമിടുന്നത്. കൂടാതെ കർഷകർക്ക്ന്യായമായ നിരക്കിൽഅവരുടെ ആവശ്യത്തിനുതകുന്ന യന്ത്രസാമഗ്രികൾ ന്യായമായനിരക്കിൽ വാടകയ്ക്ക്നൽകുന്നതിനുള്ള കസ്റ്റംഹയറിംഗ്സെന്ററുകൾ, ഉല്പാദനോപാധികൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് ഇൻപുട്ട്സെന്ററുകൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം ചെയ്യുവാനുള്ള സംവിധാനങ്ങൾ എന്നിവ പദ്ധതിയിൻ കീഴിൽ ഒരുക്കുന്നു. AIF ഫണ്ട്, MSME പദ്ധതി, ട്രെയിനിംഗുകൾതുടങ്ങിയ വിവിധ പദ്ധതിയാനുകൂല്യങ്ങൾ കർഷകഉൽപ്പാദകസംഘടകളുടെ ശാക്തീകരണത്തിനായി സംയോജിപ്പിച്ചിട്ടുണ്ട്. പുതുതായി രൂപീകരിക്കുന്ന കർഷകഉത്പാദക സംഘടന ഒന്നിന് 60 ലക്ഷം രൂപയാണ് മൂന്ന് വർഷത്തേക്ക് വകയിരുത്തിയിട്ടുള്ളതെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാന സർക്കാരിന്റെ FPO പോളിസി പ്രകാരം 2013 കമ്പനീസ് ആക്ട്, കോ-ഓപ്പറേറ്റീവ്സൊസൈറ്റി ആക്ട്, ചാരറ്റിബിൾസൈസൈറ്റീസ് ആക്ട് എന്നിവയിൽ ഏതെങ്കിലും ഒരെണ്ണം അനുസരിച്ച് FPO കൾ രജിസ്റ്റർ ചെയ്യാവുന്നതും തുടക്കത്തിൽ 100 പേരിൽ തുടങ്ങി 500-1000 വരെ അംഗങ്ങളെ മൂന്നുവർഷത്തിനുള്ളിൽ ചേർക്കുവാനും ലക്ഷ്യമിടുന്നു.

ഇക്വിറ്റി ഫണ്ട്, എഫ്.പി.ഒ., CEO യുടെ ശമ്പളം, രജിസ്ട്രേഷൻതുക, വാടക, ഓഫീസ്സാമഗ്രികൾ, യാത്രാച്ചെലവ്, കളക്ഷൻസെന്ററുകളുടെ നിർമാണം, പാക്ക്ഹൗസ്നിർമാണം ഉൾപ്പടെ മൂന്നുവർഷത്തേക്ക് 60 ലക്ഷംരൂപയാണ്ഒരു FPOക്ക് വകയിരിത്തിയിട്ടുള്ളത്.

എസ്.എഫ്.എ.സി.യിൽ മുഴുവൻ സമയ മാനേജിങ്ഡയറക്ടർ നിയമിതനായിട്ടുണ്ടെന്നും, കൃഷി വകുപ്പ് ഉദ്യോഗസ്ഥർക്ക് FPO പദ്ധതിയെക്കുറിച്ചും FPC കളുടെ ഘടന, ലക്ഷ്യം എന്നിവയെക്കുറിച്ചും ഇതിനോടകം 22 പരിശീലനങ്ങൾ നൽകികഴിഞ്ഞിട്ടുണ്ടെന്നും, FPC കൾക്ക് revolving fund നൽകുന്ന കാര്യം പരിശോധിക്കുമെന്നും മന്ത്രി പറഞ്ഞു. കൃഷി വകുപ്പിന്റെ ഉല്പന്നങ്ങൾ' കേരളാഗ്രോ' ബ്രാൻഡിൽ വിപണനം നടത്തുന്ന പ്രവർത്തനം ഊർജസ്വലമായിരിക്കുകയാണ്. കേരള അഗ്രോബിസിനസ് കമ്പനി വിപണനത്തിന്റെ പൂർണ്ണമായ നേതൃത്വം ഏറ്റെടുക്കുന്നതോടെ FPO കൾവഴി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ വിപണന സാധ്യത ഉറപ്പാക്കുവാൻ സാധ്യമാകും. കൂടാതെ മൂല്യവർധിത കാർഷികമിഷന്റേയും ലോകബാങ്കിന്റെ സഹായത്തോടെ നടത്തുവാൻ ഉദ്ദേശിക്കുന്ന 'കേര' (KERA) പ്രോജക്റ്റിന്റെ നടത്തിപ്പോടെയും FPO കളുടെ പ്രസക്തി വർധിപ്പിക്കുമെന്നതിനാൽ കൂടുതൽ FPO കൾഉല്പന്നങ്ങൾ കേന്ദ്രീകരിച്ച് സംസ്ഥാനത്ത് സൃഷ്ടിക്കുവാനുള്ള തീവ്രശ്രമത്തിലാണ് സർക്കാരെന്നും മന്ത്രി സൂചിപ്പിച്ചു.

# റബ്ബർബോർഡ് പ്ലേസ്മെന്റ് പോർട്ടൽ ആരംഭിച്ചു

റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങി(എൻ.ഐ.ആർ.ടി.)ൽ ആരംഭിച്ച സെൻട്രലൈസ്ഡ് പ്ലേസ്മെന്റ് പോർട്ടലിന്റ ഉദ്ഘാടനം 'എൻ.ഐ.ആർ.ടി'-യിൽ നടന്ന ചടങ്ങിൽ വെച്ച് റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ ഐ.ആർ.എസ്. നിർവഹിച്ചു. റബ്ബറുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലേക്കും ആവശ്യമായ പരിശീലനങ്ങൾ എൻ.ഐ.ആർ.ടി.-യിൽ നടത്തിവരുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന കോഴ്സുകൾ എല്ലാം റബ്ബർമേഖലയിൽ യുവാക്കളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുള്ളവയാണ്. ഒരു വർഷത്തെ പ്ലാന്റേഷൻ മാനേജ്മെന്റ് സർട്ടിഫിക്കറ്റ് കോഴ്സിന്റെ അടുത്ത ബാച്ചിലേക്കുള്ള പഠിതാക്കളെ ത്രിപുര സർക്കാർ സ്പോൺസർ ചെയ്തിട്ടുണ്ട്. റബ്ബർമേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളിലെയും തൊഴിൽ ആവശ്യങ്ങൾ പരിഹരിക്കാൻ ഈ പ്ലേസ്മെന്റ് പോർട്ടൽ ഉപകരിക്കുമെന്നും ഡോ. രാഘവൻ പറഞ്ഞു. എൻ.ഐ.ആർ.ടി. പുതുതായി നിർമിച്ച ഹോസ്റ്റലിന്റെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു. പോർട്ടൽ രൂപകൽപ്പന ചെയ്ത ഐ.എൻ.എസ്. ടെക്നോളജീസിന്റെ പ്രതിനിധി പോർട്ടൽ വഴി ലഭിക്കുന്ന സേവനങ്ങളെക്കുറിച്ച് വിവരിച്ചു.

ഡോ. സാവർ ധനാനിയ (ചെയർമാൻ, റബ്ബർബോർഡ്), ശ്രീമതി. ഷീല തോമസ് ഐ.എ.എസ്.(റിട്ട) (ചെയർപേഴ്സൺ ആന്റ് എം.ഡി., കേരള റബ്ബർ ലിമിറ്റഡ്), ശ്രീമതി. ഉഷ ടൈറ്റസ് ഐ.എ.എസ്. (സി.ഇ.ഒ., അസാപ്), ഡോ. എൻ.എം. മാത്യു (മുൻ ഡയറക്ടർ, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം), ഡോ. കുരുവിള ജേക്കബ്, (മുൻ ട്രെയിനിങ് ഡയറക്ടർ, റബ്ബർ ബോർഡ്), ശ്രീ. രാജീവ് ബുദ്ധരാജ, (ഡയറക്ടർ ജനറൽ, ആത്മ) വിനോദ് പട്കോടാർ (ചെയർമാൻ, ആർ.സി.പി.എസ്.ഡി.സി.), ഡോ. രാജ്കുമാർ (ഡയറക്ടർ, ഐ.ആർ.എം.ആർ.എ.), സജി വർഗീസ് (സീനിയർ ജനറൽ മാനേജർ, എം.ആർ.എഫ്.) എന്നിവർ ചടങ്ങിൽ സംസാരിച്ചു. പി. സുധ (ഡയറക്ടർ (ട്രെയിനിങ്), എൻ.ഐ.ആർ.ടി.) സ്വാഗതവും ജി. ഉമാശങ്കർ (ഫാക്ടറി മാനേജർ, എൻ.ഐ.ആർ.ടി.) നന്ദിയും പറഞ്ഞു.



ഡോ. കെ.എൻ. രാഘവൻ എൻ.ഐ.ആർ.ടി.യുടെ സെൻട്രൽ പ്ലേസ്മെന്റ് പോർട്ടൽ ഉദ്ഘാടനം ചെയ്യുന്നു. ഷീല തോമസ്, പി. സുധ, ഡോ. എൻ.എം മാത്യു, ഡോ. കുരുവിള ജേക്കബ് (ഇടത്തു നിന്ന്) എന്നിവർ സമീപം.



എൻ.ഐ.ആർ.ടി.യുടെ പുതുതായി നിർമിച്ച ഹോസ്റ്റലിന്റെ ഉദ്ഘാടനം റബ്ബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ നിർവഹിക്കുന്നു.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sreekala S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh